ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.08.2026**

## പ്രധാനവാർത്തകൾ

1) ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ നാളെ മുതൽ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ഷിപ്ബ്ലോക്ക് നിർമാണത്തിനായി കൊച്ചിൻ ഷിപ്യാർഡിന് ഭൂമി വിട്ടുനൽകാനും മന്ത്രിസഭയോഗത്തിൻറെ അനുമതി.

2) കേരളത്തിൻറെ വികസനയാത്രയിൽ പുത്തൻ നാഴികക്കല്ലായി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമായി.

3) 2025 ലെ ദേശീയ കായിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാളി താരങ്ങളായ ട്രീസ ജോളിയും, മുഹമ്മദ് അജ്മലും ഉൾപ്പെടെ പതിനേഴ് പേർക്ക് അർജുന അവാർഡ് .

4) ഓണത്തോടനുബന്ധിച്ച്, സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിന് സംസ്ഥാനത്ത് നാളെ തുടക്കം. മന്ത്രി എൻ ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിക്കും.

5) ഓണാഘോഷപരിപാടികൾക്കായി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നു മാത്രമേ പാകംചെയ്ത ഭക്ഷണം വാങ്ങാവൂ എന്ന് മുന്നറിയിപ്പ് നൽകി ഭക്ഷ്യ സുരക്ഷാ വകുപ്പ് .

6) കേരള കോളേജ് സ്പോർട്സ് ലീഗ് - വോളിബോൾ മത്സരങ്ങൾക്ക് നാളെ തിരുവനന്തപുരത്ത് തുടക്കം

**************

RNU TVPM

## മന്ത്രിസഭാ (intro)

കൊച്ചിൻ ഷിപ്യാർഡിന്, ഷിപ് ബ്ലോക്ക് നിർമിക്കുന്നതിനായി കൊച്ചി രാമൻതുരുത്തിൽ 18.16 ഏക്കർ ഭൂമി പാട്ടത്തിന് നൽകാൻ അനുമതി നൽകി സംസ്ഥാന മന്ത്രിസഭാ യോഗം. 5,000 കോടിയുടെ നിക്ഷേപം ഇവിടെയുണ്ടാകുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ വാർത്തസമ്മേളനത്തിൽ പറഞ്ഞു. ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ നാളെ മുതൽ വിതരണം ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു. അതിനായി 1,105 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയും ,പെൻഷൻകാരുടെയും ആനുകൂല്യങ്ങളും ബോണസും നൽകുന്നതിനായി 630 കോടി രൂപ അനുവദിച്ചതായും അദ്ദേഹം പറഞ്ഞു.

(voice-ഹോൾഡ്)

ഓണക്കിറ്റ് വിതരണം സംസ്ഥാനത്ത് പുരോഗമിക്കുന്നതായും, ആറ് ലക്ഷത്തിനടുത്ത് കിറ്റുകൾ തയ്യാറാക്കിയതിൽ മൂന്ന് ലക്ഷം കിറ്റുകൾ റേഷൻ കടകളിലെത്തിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

**************

## വിഴിഞ്ഞം - മുഖ്യമന്ത്രി

കേരളത്തിൻറെ വികസനയാത്രയിൽ പുത്തൻ നാഴികക്കല്ലായി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സമ്പൂർണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. ആദ്യ രണ്ട് എക്സിം കണ്ടെയ്നറുകളുടെ ഫ്ലാഗ് ഓഫ് മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിച്ചു. തുറമുഖങ്ങളുടെ സമഗ്ര വികസനത്തിന് സ്വകാര്യ മൂലധനവും നിക്ഷേപവും അത്യന്താപേക്ഷിതമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ സമഗ്ര സമുദ്ര സാമ്പത്തിക വികസനം ലക്ഷ്യമിടുന്ന മിഷൻ സമുദ്ര പദ്ധതിയുടെ ലോഗോയും ചടങ്ങിൽ പുറത്തിറക്കി. കേരളത്തിലെ രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളും ഒരു കണ്ടെയ്നർ സ്റ്റേഷനും 18 മിനി തുറമുഖങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ തുറമുഖ നഗരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് മിഷൻ സമുദ്രയെന്ന് മുഖ്യമന്ത്രി പറഞ്ഞു

**************

## കായിക പുരസ്കാരങ്ങൾ

2025 ലെ ദേശീയ കായിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാളി ബാഡ്മിൻറൺ താരം ട്രീസ ജോളിയും, അത്ലറ്റ് മുഹമ്മദ് അജ്മലും

RNU TVPM

ഉൾപ്പെടെ പതിനേഴ് പേർക്ക് അർജുന അവാർഡ് ലഭിച്ചു. 4 ബൈ 400 റിലേയിൽ ഉജ്വല പ്രകടനം കാഴ്ചവച്ച താരമാണ് പാലക്കാട് സ്വദേശിയായ മുഹമ്മദ് അജ്മൽ. കണ്ണൂരിൽ നിന്നുള്ള താരമാണ് ട്രീസ ജോളി. ഗായത്രി ഗോപിചന്ദ്, തേജസ്വിൻ ശങ്കർ, വിദിത് ഗുജറാത്തി തുടങ്ങിയവരും അർജുന അവാർഡ് ജേതാക്കളിൽ ഉൾപ്പെടുന്നു. സമഗ്ര സംഭാവനയ്ക്കുള്ള അർജുന പുരസ്കാരത്തിന് ഇന്ത്യൻ ഫുട്ബോൾ മുൻ താരം ഇസൈയ്യ അരുമൈനായഗം അർഹനായി. അത്ലറ്റിക്സ്, ബോക്സിങ്, ഷൂട്ടിങ്, ഗുസ്തി എന്നിവയിലായി അഞ്ച് കായിക പരിശീലകർ ദ്രോണാചാര്യ അവാർഡ് സ്വന്തമാക്കി.

**************

## അരി വിതരണം

സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് എച്ച്.എസ്.എസിൽ നാളെ മന്ത്രി എൻ ഷംസുദ്ദീൻ നിർവഹിക്കും. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് ഓണത്തോടനുബന്ധിച്ച് 4 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നത്.

RNU TVPM

**************

## ഓണാഘോഷം നിയമസഭ

മുഖ്യമന്ത്രി വി ഡി സതീശൻ സംഘടിപ്പിച്ച ഓണാഘോഷം നിയമസഭയിൽ നടന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും, മുഖ്യമന്ത്രിയും ചേർന്ന് ഓണാഘോഷം ഉദ്ഘാടനം ചെയ്തു. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മന്ത്രിമാർ, എം.എൽ. എ മാർ, സാംസ്കാരിക, സമുദായിക, നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

**************

## ഓണം വാരാഘോഷം (ഇൻട്രോ)

സംസ്ഥാന തല ഓണം ടൂറിസം വാരാഘോഷത്തിന് തിരുവനന്തപുരത്ത് ഈ മാസം 24-ന് തുടക്കമാകും. 30-ാംതീയ്യതി വരെ 35 വേദികളിലായി വിപുലമായ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ് തിരുവനന്തപുരത്ത് അറിയിച്ചു. ഓണാഘോഷങ്ങളുടെ ഭാഗമായി നഗരവീഥികളിൽ ദീപാലങ്കാരവും ഒരുക്കും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..
(ഹോൾഡ്)

**************

## കെഎസ്ആർടിസി

കെഎസ്ആർടിസിയുടെ എക്സിക്യൂട്ടീവ് എസി വോൾവോ ലക്ഷ്വറി ബസ് സർവീസ് വ്യാഴാഴ്ച മുതൽ സർവീസ് ആരംഭിക്കും.
തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് 4 മണിക്കൂർ 15 മിനുട്ട് കൊണ്ട് എത്തുന്ന വിധത്തിലാണ് പുതിയ സർവീസ് ക്രമീകരിച്ചിരിക്കുന്നത്. തിങ്കൾ മുതൽ വെള്ളി വരെ തിരുവനന്തപുരത്ത് നിന്ന് രാവിലെ അഞ്ചരയ്ക്കും, തിരികെ വൈകിട്ട് അഞ്ചരയ്ക്ക് എറണാകുളത്ത് നിന്നുമാണ് സമയം ക്രമീകരിച്ചിരിക്കുന്നത്.

**************

## ഭക്ഷ്യ സുരക്ഷാ

രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ഓണാഘോഷപരിപാടികൾക്കായി പാകം ചെയ്ത ഭക്ഷണം വാങ്ങാവൂ എന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് . ഭക്ഷണപ്പൊതികളിൽ പായ്ക്ക് ചെയ്ത തീയതിയും സമയവും രണ്ടുമണിക്കൂറിനുള്ളിൽ കഴിക്കണമെന്ന നിയമപ്രകാരമുള്ള മുന്നറിയിപ്പും ഉണ്ടെന്ന് ഉറപ്പുവരുത്തണം. ലേബലും വിവരങ്ങളും ഇല്ലാതെ പാക്ക് ചെയ്ത ഭക്ഷണം വിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു.

**************

## ചെസ്സ് ചാമ്പ്യൻഷിപ്പ്

സിംഗപ്പൂരിൽ നടന്ന ഇരുപത്തി നാലാമത് ആസിയാൻ ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് വേണ്ടി മൂന്നു മെഡലുകൾ സ്വന്തമാക്കി കണ്ണൂർ പുഴാതി സ്വദേശി അദീതി നമ്പ്യാർ . ആറു വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിഭാഗത്തിലാണ് മെഡൽ നേടം. ഏറ്റവും പ്രായം കുറഞ്ഞ വനിതാ റാപ്പിഡ് റേറ്റഡ് താരം എന്ന റെക്കോർഡും അദീതി കരസ്ഥമാക്കി.

**************

## വോളിബോൾ ലീഗ്

കേരള കോളേജ് സ്പോർട്സ് ലീഗ് - വോളിബോൾ മത്സരങ്ങൾക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. കായിക വകുപ്പും ഉന്നത വിദ്യാഭ്യാസ

RNU TVPM

വകുപ്പും ഖേലോ ഇന്ത്യ പദ്ധതിയുമായി ചേർന്ന് നടത്തുന്ന ലീഗിൻറെ ഉദ്ഘാടനം മന്ത്രി റോജി എം ജോൺ നിർവഹിക്കും. കോളേജ് ക്യാമ്പസുകളിലേക്ക് വോളിബോളിന്റെ പ്രതാപകാലം തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് മത്സരം സംഘടിപ്പിക്കുന്നത്.

**************

## ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ്

ഇന്ത്യ-ശ്രീലങ്ക ക്രിക്കറ്റ് പരമ്പരയിലെ ഒന്നാം ടെസ്റ്റിൻറെ നാലാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യയ്ക്ക് 288 റൺസിൻറെ ലീഡ്. രണ്ടാം ഇന്നിങ്സിൽ ഇന്ത്യ 193 റൺസിന് പുറത്തായി. സ്പിന്നർമാരെ തുണയ്ക്കുന്ന പിച്ചിൽ 4 വിക്കറ്റെടുത്ത പേസർ അഷിത ഫെർണാണ്ടോയാണ് രണ്ടാം ഇന്നിങ്സിൽ ഇന്ത്യയെ തകർത്തത്. പ്രഭാത് ജയസൂര്യ മൂന്നു വിക്കറ്റ് നേടി. അർധസെഞ്ചറി നേടിയ ഋഷഭ് പന്താണ് ഇന്ത്യയുടെ ടോപ് സ്കോറർ. രണ്ടാം ഇന്നിങ്സിൽ ബാറ്റിംഗിനിറങ്ങിയ ശ്രീലങ്ക നാലാം ദിനം കളി നിർത്തുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 84 റൺസ് എന്ന നിലയിലാണ്. മത്സരം അവസാനിക്കാൻ ഇനി ഒരു ദിനം മാത്രമാണ് അവശേഷിക്കുന്നത്.

**************

## മഴ

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് കോട്ടയം, എറണാകുളം, കണ്ണൂർ കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂരും, കാസർഗോഡും നാളെയും മഞ്ഞ ജാഗ്രത തുടരും. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് നാളെ രാത്രി 11.30 വരെ ഉയർന്ന കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

**************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 493 പോയിന്റ് ഇടിഞ്ഞ് 77,235 ലും നിഫ്റ്റി 133 പോയിന്റ് നഷ്ടത്തിൽ 24,155 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 160 രൂപ വർധിച്ച് ഒരു ലക്ഷത്തി 14,320 രൂപയും ഗ്രാമിന് 14,290 രൂപയുമാണ് ഇന്നത്തെ വില.

**************

**********

*****

RNU TVPM